കേന്ദ്രങ്ങളിൽ തുടർച്ചയായി റെയ്ഡ് നടത്തിയും മദ്യ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് നിരന്തരം സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനക്ക് വിധേയമാക്കുകയും ചെയ്യുന്നു. ജനകീയ കമ്മിറ്റികൾ യഥാസമയം വിളിച്ചുകൂട്ടുകയും വ്യാജമദ്യത്തിനെതിരായ പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു.

(സി) പോലീസ്, റവന്യൂ, വനം എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തിവരുന്നു.

ബാർ ലൈസൻസ്

107 (4163) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ബാറുകൾക്ക് ലൈസൻസ് നൽകി ;

(ബി) നിലവിൽ വന്ന ബാറുകളുടെ വിശദവിവരം വ്യക്തമാക്കുമോ;

(സി) ദൂരപരിധി അടക്കമുള്ള ഏതെങ്കിലും മാനദണ്ഡങ്ങൾ ലംഘിച്ച് ബാർ ലൈസൻസ് നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏത് ബാറിനാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 132 ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

(ഡി) ബാധകമല്ല.

നക്ഷത്ര പദവികൾ ലഭിച്ചിട്ടുള്ള ബാർ ഹോട്ടലുകൾ

108 (4164) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നക്ഷത്ര പദവികൾ ലഭിച്ചിട്ടുള്ള എത്ര ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയിൽ ഫൈവ്, ഫോർ, ത്രീ സ്റ്റാർ പദവികൾ കരസ്ഥമാക്കിയിട്ടുള്ള എത്ര ഹോട്ടലുകൾ വീതമുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly